കർണ്ണാടക ചീഫ് സെക്രട്ടറിയ്ക്ക് കത്തയച്ചു. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി ബഹു. മുഖ്യമന്ത്രി കർണ്ണാടക മുഖ്യമന്ത്രിക്ക് കത്ത് അയയ്ക്കുകയുണ്ടായി. കൂടാതെ ഇക്കാര്യത്തിൽ അനുകൂല തീരുമാനത്തിനായി ഗതാഗത വകുപ്പ് മന്ത്രിയും ഗതാഗത വകുപ്പ് സെക്രട്ടറിയും കർണ്ണാടക മുഖ്യമന്ത്രിയെ 7-7-2010-ൽ സന്ദർശിച്ച് ചർച്ച നടത്തി.

ഇപ്പോൾ ഈ വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

(ബി) അനുബന്ധമായി വച്ചിരിക്കുന്നു.*

പുതുതായി അനുവദിച്ച ജോയിന്റ് ആർ.ടി. ഓഫീസുകൾ തുടങ്ങുവാൻ നടപടി

116 (2218) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് പുതുതായി അനുവദിച്ച ജോയിന്റ് ആർ.ടി. ഓഫീസുകൾ എത്രയെണ്ണം ഉദ്ഘാടനം കഴിഞ്ഞു എന്നത് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ എപ്പോൾ ഉദ്ഘാടനം ചെയ്യും എന്നത് തീരുമാനിച്ചിട്ടുണ്ടോ ;

(സി) പുതുതായി അനുവദിച്ച ജോയിന്റ് ആർ.ടി.ഓഫീസുകളിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. 13-12-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 83/2010/ ഗതാഗതം പ്രകാരം താഴെ പറയുന്ന 50 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

ജോയിന്റ് റീജിയണൽ ഓഫീസർ-5

മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ-5

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ-10

ഹെഡ് അക്കൗണ്ടന്റ്-5

ലോവർ ഡിവിഷൻ ക്ലാർക്ക്-10

ടൈപ്പിസ്റ്റ്-5

പ്യൂൺ-10

(ബി) ഉദ്ഘാടനം ചെയ്തിട്ടില്ല. ഉദ്ഘാടന തീയതി സംബന്ധിച്ച തീരുമാനമായിട്ടില്ല.

(സി) ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly